## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3800     31/01/2014- ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഒലീക്കൽ (5 MW), പൂവാരംതോട് (3 MW), ചെമ്പുക്കടവ് മൂന്നാം ഘട്ടം (6 MW), പെരുവണ്ണാമൂഴി (6 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ കോഴിക്കോട് ജില്ലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.<br><br>കൂടാതെ 6 MW ന്റെ മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br><br>സർക്കാരിന്റെ 2012 ലെ പുതുക്കിയ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം Build, Own, Operate, Transfer (BOOT) വ്യവസ്ഥയിൽ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ 62 ചെറുകിട ജല വൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടു കൂടി നിർമ്മിക്കുവാൻ ദർഘാസ് വിളിക്കുകയുണ്ടായി. ഇതിൽ കോഴിക്കോട് ജില്ലയിൽ ഉൾപ്പെടുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br><br>1. ഓനിപ്പുഴ — 1.5 MW<br>2. കക്കടാം പോയിൽ (ഘട്ടം I) — 21 MW<br>3. കക്കടാം പോയിൽ (ഘട്ടം II) — 11 MW<br>4. അരിപ്പാറ — 3 MW<br>5. പാതംകയം — 4 MW |

C - - - 22

6. ആനക്കാംപോയിൽ 6.75 MW
7. കളിരാമുട്ടി 3 MW
8. മുത്തപ്പൻപുഴ 1.5 MW

ഇതിൽ മത്സരദർഘാസിലൂടെ കക്കടാംപോയിൽ (ഘട്ടം I), അരിപ്പാറ, പാനംകയം, ആനക്കാംപോയിൽ എന്നീ പദ്ധതികൾക്ക് ദർഘാസുകൾ കിട്ടിയിട്ടുണ്ട്.

(ബി) ഈ പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുന്നത് നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഭൂമി ഏറ്റെടുക്കാൻ താമസിച്ചതുകൊണ്ട് ഉദ്ദേശിച്ച സമയത്ത് തുടങ്ങാൻ സാധിച്ചില്ല.

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

(സി) ഒലിക്കൽ, പൂവാരംതോട് എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കു വേണ്ട യഥാക്രമം 6.28 ഹെക്ടർ, 5.24 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനങ്ങൾ 19.04.2013 ൽ അസാധാരണ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീൽഡ് സർവ്വേ ജോലികൾ റവന്യൂ വകുപ്പ് 18.01.2014 ൽ പൂർത്തീകരിച്ചിട്ടുണ്ട്.

ചെമ്പുകടവ് മൂന്നാം ഘട്ട പദ്ധതിക്കാവശ്യമായ 5.2216 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവ് 08.12.2013 ൽ നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനുപരിയായി ഈ പദ്ധതിക്കാവശ്യമായ 1.3650 ഹെക്ടർ സർക്കാർ ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

പെരുവണ്ണാമൂഴി പദ്ധതിക്കാവശ്യമായ 4.423 ഹെക്ടർ ജലസേചന വകുപ്പിന്റെ ഭൂമി കൈമാറ്റം ചെയ്തു കിട്ടുന്നതിനും 0.507 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ